പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3780 17.10.2011- ലെ മറുപടി

പ്രോട്ടോക്കോൾ ലംഘിച്ച് ബസ്സ് ഫ്ളാഗ് ഓഫ് ചെയ്തതിനെതിരെ നടപടി

ചോദ്യം ഉത്തരം

ശ്രീ. തോമസ് ചാണ്ടി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | എടത്വാ ഡിപ്പോയിൽ നിന്നും എത്ര ബസ്സുകളാണ് റിപ്പയർ ചെയ്യുന്നതിന് സെൻട്രൽ ഡിപ്പോയിലേയ്ക്ക് നൽകിയിരിക്കുന്നതെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (എ) | നിലവിൽ എടത്വാ ഡിപ്പോയിലെ ബസ്സുകൾ ഒന്നുംതന്നെ റിപ്പയർ ചെയ്യുന്നതിനായി സെൻട്രൽ വർക്ക്ഷോപ്പിലേക്കോ റീജിയണൽ വർക്ക്ഷോപ്പുകളിലേക്കോ നൽകിയിട്ടില്ല. എന്നാൽ 18.05.2011-നും 20.09.2011-നും ഇടയ്ക്ക് നാല് (4) ബസ്സുകൾ റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കരയിൽ പലപ്പോഴായി പണികൾക്ക് അയച്ചിട്ടുണ്ട്. |
| (ബി) | ഇതുമൂലം ഏതെല്ലാം സർവ്വീസുകളാണ് മുടങ്ങുന്നതെന്ന് വിശദമാക്കുമോ ; | (ബി) | എടത്വായിൽ നിന്നുള്ള എല്ലാ ഓർഡിനറി സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. എന്നാൽ സ്പെയർ ബസ്സ് ഇല്ലാത്തത് കാരണം ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ പൂർണ്ണമായി ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നില്ല. |
| (സി) | മുടങ്ങിയ സർവ്വീസുകൾക്ക് പകരം എത്ര ബസ്സുകളാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ ; | (സി) | മുടങ്ങിയ സർവ്വീസ്സുകൾക്ക് പകരമായി നാല് പഴയ ബസ്സുകൾ തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ നിന്നും എടത്വായിലേക്ക് മാറ്റിക്കൊടുത്തിട്ടുണ്ട്. 26 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി സ്പെയർ ബസ് ഉൾപ്പടെ എടത്വാ ഡിപ്പോയിൽ ആകെ 31 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പകരം അനുവദിച്ച ബസ്സുകൾ എം.പി. ഫ്ളാഗ് ഓഫ് ചെയ്ത നടപടി ആരുടെ നിർദ്ദേശത്തെ തുടർന്നാണെന്ന് വിശദമാക്കുമോ ; | (ഡി) | എടത്വാ ഡിപ്പോ പരിസരത്ത് എം.പി പുതിയ സർവ്വീസുകളൊന്നും തന്നെ ഫ്ളാഗ് ഓഫ് ചെയ്തിട്ടില്ല. |
| (ഇ) | സ്ഥലം എം.എൽ.എ.യേയും പഞ്ചായത്ത് പ്രസിഡന്റിനെയും പ്രസ്തുത പരിപാടി അറിയിക്കാതെ നടത്തിയത് പ്രോട്ടോക്കോൾ ലംഘനമാണെന്നകാര്യം വ്യക്തമാക്കുമോ ; | (ഇ) യും (എഫ്) ഉം | സാധാരണ ഗതിയിൽ പുതിയ സർവ്വീസുകൾ തുടങ്ങുന്ന അവസരത്തിൽ സ്ഥലത്തെ എം.പി, എം.എൽ.എ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരെ അറിയിച്ച് പൊതു പരിപാടിയായി നടത്താറുള്ളതാണ്. ഡിപ്പോ പരിസരത്ത് യാതൊരുവിധ ചടങ്ങും നടക്കാത്തതിനാൽ പ്രോട്ടോക്കോൾ ലംഘനം ഉള്ളതായി കാണുന്നില്ല. |
| (എഫ്) | പ്രോട്ടോക്കോൾ ലംഘനമാണെങ്കിൽ ആയതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ